**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1158** **11-02-2025 - ൽ മറുപടിയ്ക്ക്**

**മലബാർ കൾച്ചറൽ അക്കാദമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരിയിൽ പ്രവർത്തിക്കുന്ന മലബാർ കൾച്ചറൽ അക്കാദമി സ്വന്തമായി കെട്ടിടം പണിയുന്നതിന് വേണ്ടി സർക്കാർ ധനസഹായത്തിനായി അപേക്ഷ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | മലബാർ കൾച്ചറൽ അക്കാദമിക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിനായി മലബാർ കൾച്ചറൽ അക്കാദമി ട്രസ്റ്റ് 2 കോടി രൂപയുടെ പ്ലാനും എസ്റ്റിമേറ്റും സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് നൽകിയിരുന്നു. |
| (ബി) | മലബാർ കൾച്ചറൽ അക്കാദമിയുടെ സ്വന്തം കെട്ടിടനിർമ്മാണത്തിന് ആവശ്യമായ സാമ്പത്തിക സഹായം എന്ന് നൽകാൻ കഴിയും എന്ന് വ്യക്തമാക്കാമോ; | (ബി) | അക്കാദമി, കെട്ടിട നിർമ്മാണത്തിനായി സ്വകാര്യ ഭൂവുടമയിൽ നിന്നും ഭൂമി ഏറ്റെടുത്ത ശേഷം സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ മുഖേന ശിപാർശ സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായം നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കാൻ കഴിയുന്നതാണ്. |
| (സി) | മലബാർ കൾച്ചറൽ അക്കാദമിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മൂന്ന് കോടി രൂപയുടെ പ്രൊപ്പോസൽ പ്രകാരം ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുള്ള കാര്യം സാംസ്കാരിക വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുപ്രകാരമുള്ള പ്രവൃത്തി ആരംഭിക്കുവാൻ ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | ഉണ്ട്. 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ 2022-23 സാംസ്കാരിക വകുപ്പ് ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. പുതുക്കിയ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ